നമ്പർ. 328/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെ വികാരിമാരും സഹവികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരൻമാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

ഭാരതത്തിന്റെ അപ്പോസ്തലനും മലങ്കര സഭാ സ്ഥാപകനും നമ്മുടെ കാവൽപിതാവുമായ വി. മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷിമരണം പ്രാപിച്ചതിന്റെ ഓർമ്മ മുൻ വർഷങ്ങളിലെന്ന പോലെ ഈ വർഷവും ഡിസംബർ മാസം 18-ാം തീയതി മുതൽ 21 -ാം തീയതി വരെ ഭക്തിപൂർവ്വം ആചരിക്കുകയാണല്ലോ. ആ പുണ്യപിതാവിനാൽ സ്ഥാപിതമായതും സഭയുടെ അഭിമാനവും അതിവിശുദ്ധ തീർത്ഥാടന കേന്ദ്രവുമായ നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ ഈ വർഷത്തെ പെരുന്നാൾ ശുശ്രൂഷകൾക്ക് ബലഹീനനായ നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരും നേതൃത്വം നൽകുന്നതാണ്. ദൈവഹിതമെങ്കിൽ ഈ വർഷത്തെ പെരുന്നാളിനോടനുബന്ധിച്ച് നിരണം സെന്റ് മേരീസ് പള്ളിയെ മലങ്കരസഭയിലെ **മാർത്തോമ്മൻ തീർത്ഥാടന** കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് നാം കർത്താവിൽ ശരണപ്പെടുന്നു.

വാത്സല്യ മക്കളെ, ഈ വർഷത്തെ പെരുന്നാൾ ശുശ്രൂഷകളിൽ കഴിവുള്ളിടത്തോളം വിശ്വാസികൾ സംബന്ധിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. പദയാത്രകളും മറ്റും ക്രമീകരിച്ച് തീർത്ഥാടക സംഘങ്ങളായി പുണ്യ പിതാവിന്റെ അനുഗ്രഹവും മധ്യസ്ഥതയും തേടി നിരണം പള്ളിയിൽ ഏവരും എത്തിച്ചേരണമെന്ന് സ്നേഹപൂർവ്വം നാം ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ ശ്ലീഹായുടെ ഓർമ്മ നമുക്ക് കോട്ടയായിരിക്കട്ടെ.

ശേഷം പിന്നാലെ,
സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.

2007 ഡിസംബർ മാസം 5 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.